(എ) എടരിക്കോട് ടെക്സ്റ്റൈൽസിലെ ജീവനക്കാരെ ഇ.എസ്.ഐ. പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇക്കാര്യത്തിൽ നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എടരിക്കോട് ടെക്സ്റ്റൈൽസിലെ ജീവനക്കാരെ ഇ.എസ്.ഐ. പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്താനുള്ള സർക്കാർ നിർദ്ദേശം തൊഴിലാളികൾക്ക് സൗകര്യപ്രദമായ ദൂരത്തിൽ ഇ.എസ്.ഐ. ആശുപത്രി ഇല്ലെന്ന കാരണത്താൽ കോർപ്പറേഷൻ അംഗീകരിച്ചില്ല. കോട്ടയ്ക്കലുള്ള പാർട്ട് ടൈം ഡിസ്പെൻസറി, ഫുൾടൈം ഡിസ്പെൻസറിയായി ഉയർത്തി എടരിക്കോട് ടെക്സ്റ്റയിൽസിലെയും സമീപപ്രദേശത്തേയും തൊഴിലാളികളെ ഇ.എസ്. ഐ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നകാര്യം പരിഗണിക്കണമെന്ന കോർപ്പറേഷന്റെ നിർദ്ദേശം മാനിച്ച് നടപടികൾ എടുത്തുവരുന്നു.

(ബി) കഴിവതുംവേഗം നടപടി പൂർത്തിയാകുന്നതാണ്.

104 (2795) ഹോസിയറി വ്യവസായ തൊഴിലാളികൾക്ക് മിനിമം വേജസ്

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഹോസിയറി വ്യവസായ തൊഴിലാളികൾക്ക് മിനിമം വേജസ് പുതുക്കി നിശ്ചയിച്ചത് എപ്പോൾ ആണ്;

(ബി) ഹോസിയറി വ്യവസായ തൊഴിലാളികളുടെ മിനിമം വേജസ് പുതുക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചത്?

ഉത്തരം

(എ) 1985-ൽ ആണ്.

(ബി) അയിഷ ഹോസിയറി വർക്കേഴ്സ് യൂണിയൻ (സി.ഐ.റ്റി.യു.), പാലപ്പറമ്പ്, നിർമ്മലഗിരി, കണ്ണൂർ എന്ന യൂണിയന്റെ നിവേദനം ലഭിച്ചിട്ടുണ്ട്. മിനിമം വേതന കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

105 (2796) ബോണസ് സംബന്ധമായ തർക്കങ്ങൾ

ശ്രീ. എ. കണാരൻ :
ശ്രീ. എളമരം കരീം :
ശ്രീമതി ജെ. മെഴ്സിക്കുട്ടിഅമ്മ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly